**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5290** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാങ്കോൽ സീഡ് ഫാമിനെ വിപുലപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ല പഞ്ചായത്തിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിലെ കാങ്കോൽ സീഡ് ഫാമിനെ ശക്തിപ്പെടുത്തി കൂടുതൽ വിപുലപ്പെടുത്താൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കാങ്കോൽ സീഡ് ഫാമിൽ 2023-24 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള (ഹൈടെക്) കന്നുകാലി ഫാം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച്, അംഗീകാരത്തിനായി ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><br>2. ഫാമിൽ നട്ടുപിടിപ്പിച്ചിട്ടുള്ള ഫലവൃക്ഷത്തൈകൾ നനക്കുന്നതിനായി ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം നടപ്പിലാക്കും.<br><br>3. നിലവിൽ എച്ച്. ബ്ലോക്കിൽ ഉത്പാദന ക്ഷമത കുറഞ്ഞ 40 മാവുകളുണ്ട്. ഇവ മുറിച്ചുമാറ്റി പകരം പുതിയ ഉത്പാദനക്ഷമത കൂടിയ മാവുകൾ വെച്ചു പിടിപ്പിക്കുന്നതിനും മഴമറ നിർമ്മിച്ച് പ്രതിവർഷം 45000 എണ്ണം പച്ചക്കറിതൈകൾ ഉത്പാദിപ്പിക്കാനും 30 സെന്റിൽ കൃത്യതാ കൃഷി അവലംബിച്ച് പ്രതിവർഷം 2 ടൺ പച്ചക്കറിയോ, 500 കിലോ പച്ചക്കറി വിത്തോ ഉത്പാദിപ്പിക്കുവാനും ജില്ലാ പഞ്ചായത്ത്/കൃഷി വകുപ്പ് ഫണ്ട് ഉപയോഗിച്ച് പദ്ധതി ആവിഷ്കരിക്കുന്നതാണ്. കൂടാതെ പുതിയ റെയിൻ ഷെൽട്ടർ നിർമ്മിക്കുന്നതിനും പഴയ റെയിൻ ഷെൽട്ടറിന്റെ റിപ്പയറിംഗിനുമായി 5 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ സീഡ് പ്രൊഡക്ഷൻ പ്രോഗ്രാം ഇൻ സ്റ്റേറ്റ് സീഡ് ഫാംസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. |
| (ബി) | ഫാമിന്റെ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട് കാർഷിക സർവകലാശാല എന്നിവയുടെ സഹകരണത്തോടെ ഫാമിന്റെ | (ബി) | ഫാമിന്റെ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട് കാർഷിക സർവകലാശാല എന്നിവയുടെ സഹകരണത്തോടെ ഫാമിന്റെ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ? | | കൂടുതൽ വിപുലപ്പെടുത്തുന്നതിന് നടപടികൾ ആസൂത്രണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ